ഹദീസ്


അശ്ഫാഖ് ദുബൈ

ashqkpv@gmail.com


# ധൂർത്ത് പിശാചിൽനിന്ന്

عن جابر رضي الله عنه أن رسول الله صلى الله عليه وسلم قال : فِرَاشٌ لِلرَّجُلِ ، وَفِرَاشٌ لِامْرَأَتِهِ ، وَالثَّالِثُ لِلضَّيْفِ ، وَالرَّابِعُ لِلشَّيْطَانِ (رواه مسلم - 2084)

**ജാബിറി (റ ) ൽ നിന്ന് നിവേദനം. റസൂൽ (സ ) പറഞ്ഞു: വീട്ടിലെ ഒരു വിരിപ്പ് വീട്ടുകാരനും ഒരു വിരിപ്പ് തന്റെ പത്നിക്കും മൂന്നാമത്തേത് അതിഥിക്കും ഉള്ളതാണ്. നാലാമത്തേത് പിശാചിനുള്ളതും. (മുസ്‌ലിം)**

നിത്യ ജീവിതത്തിൽ നമ്മുടെ അവശ്യ വസ്തുക്കൾ വാങ്ങുമ്പോഴും ഉപയോഗിക്കുമ്പോഴും നാം പാലിക്കേണ്ട ഇസ്‌ലാമിക പരിധി എന്തായിരിക്കണമെന്നു നിർണയിക്കുകയാണ് ഈ ഹദീസ്. ഭൗതികാവശ്യങ്ങൾക്കായി നാം പലതും വാങ്ങുകയും ഉണ്ടാക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. അത് ചെയ്യുമ്പോൾ ഹദീസിൽ സൂചിപ്പിച്ച കണിശത നാം കൈക്കൊള്ളാറുണ്ടോ? സാധാരണയായി എല്ലാ വീടുകളിലും വിരിപ്പ് ഉണ്ടാകും. അത് വീട്ടിൽ അംഗങ്ങളുടെ എണ്ണമനുസരിച്ച് ഉണ്ടാവാം. അതിഥികൾക്ക് വേണ്ടി ഒന്നോ രണ്ടോ അധികമായും കരുതാം. അതിൽ കൂടുതലായി വാങ്ങി സൂക്ഷിക്കുമ്പോൾ അത് ദുർവ്യയത്തിന്റെ പരിധിയിൽ വരുന്നു. 'ദുർവ്യയം ചെയ്യുന്നവർ പിശാചിന്റെ കൂട്ടുകാരാണ്. പിശാചാവട്ടെ തന്റെ റബ്ബിനോട് ഏറെ നന്ദി കെട്ടവനും.' ഹദീസിനെ വിശദീകരിച്ച ഇമാം നവവി പറയുന്നു: 'ആവശ്യത്തിൽ അധികമായി ഉണ്ടാവുന്നതൊക്കെയും ആർഭാടവും അഹങ്കാരവും ഭൗതികാലങ്കാരങ്ങളുടെ വശീകരണത്തിൽ പെട്ടുപോവലുമാണ്. അത് പിശാചിലേക്ക് അവനെ ചേർക്കുന്നു. പിശാച് അവന്റെ മനസ്സിൽ അതിനെ ആകർഷകമാക്കി അവതരിപ്പിക്കുന്നു.'

വിരിപ്പ് ഒരു ഉദാഹരണം മാത്രം. നിത്യജീവിതത്തിൽ അതുപോലുള്ള ഓരോ കാര്യവും അതിനോട് ചേർത്ത് മനസ്സിലാക്കണം. സ്വന്തമായൊരു വീട് എല്ലാവരുടെയും സ്വപ്നമാണ്. എന്നാൽ ഈ വീടിന്റെ മുറികളുടെ എണ്ണം, വലുപ്പം, സൗകര്യങ്ങൾ ഇതിലൊക്കെ ദുർവ്യയവുമായി ബന്ധപ്പെട്ട ഇസ്‌ലാമിക നിർദേശങ്ങളോ സാമ്പത്തിക അച്ചടക്കങ്ങളോ നാം പാലിക്കാറുണ്ടോ? നമ്മുടെ സാമ്പത്തിക കഴിവിനോ വരുമാനത്തിനോ ആവശ്യത്തിനോ അനുസരിച്ചുള്ള വീടുകളാണോ നാം നിർമിക്കാറുള്ളത്? പലപ്പോഴും പലിശക്ക് കടമെടുത്തായിരിക്കും മറ്റുള്ളവരുടെ മുമ്പിൽ കേമനാവാൻ ഇത്തരം മണി മാളികകളും രമ്യഹർമ്യങ്ങളും നാം പണിയുന്നത്. ഇത് താങ്ങാനാവാത്ത സാമ്പത്തിക ബാധ്യതകൾ വരുത്തിവെക്കും. സന്തുഷ്ട കുടുംബത്തിന്റെ തകർച്ചയിലേക്ക് വഴിവെക്കും.

സമൂഹത്തിലെ ഗണ്യമായൊരു വിഭാഗം സാമ്പത്തിക-ഭൗതിക സൗകര്യങ്ങളിൽ അഭിരമിക്കുമ്പോൾ, തൊട്ടപ്പുറത്ത് ജീവിതത്തിലെ അടിസ്ഥാനാവശ്യങ്ങൾ പൂർത്തീകരിക്കാൻ കഴിയാതെ പ്രയാസപ്പെടുകയാണ് വലിയൊരു വിഭാഗം ആളുകൾ. ഈ അസന്തുലിതത്വം എന്തുകൊണ്ട് സംഭവിച്ചു? മറ്റുള്ളവരുടെ അവകാശങ്ങൾ സൗകര്യപൂർവം മറന്ന് ഭൗതിക സൗകര്യങ്ങൾ ആവശ്യത്തിനും അനാവശ്യത്തിനും വാരിക്കൂട്ടുന്ന മനുഷ്യന്റെ ആർത്തിയാണ് ഇതിനു കാരണമെന്നു കാണാനാവും. എല്ലാ മനുഷ്യരുടേയും ആവശ്യങ്ങൾക്കുള്ള വിഭവങ്ങൾ ഭൂമിയിൽ അല്ലാഹു ഒരുക്കിയിട്ടുണ്ട്. എന്നാൽ, ഒരു മനുഷ്യന്റെ പോലും ആർത്തി പൂർത്തീകരിക്കാനുള്ള ജീവിതവിഭവം ഭൂമിയിൽ ഇല്ല.

ഭക്ഷണം, വീട്, വസ്ത്രം, ഗാർഹികോപകരണങ്ങൾ തുടങ്ങി എല്ലാ ജീവിതോപാധികളും അതിന്റെ ഏറ്റവും കുറഞ്ഞ അളവിൽ ഉപയോഗിക്കുക എന്നതായിരുന്നു പ്രവാചകന്റെ സ്വഭാവം.

അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) നിവേദനം ചെയ്യുന്നു: 'നബി (സ) പരുത്ത ഒരു പായയിൽ കിടന്നു. തന്റെ ശരീരഭാഗങ്ങളിൽ അത് അടയാളം വീഴ്ത്തി. ഞങ്ങൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ അങ്ങേക്ക് വേണ്ടി ഒരു വിരിപ്പ് വാങ്ങിത്തരട്ടെയോ? അപ്പോൾ അവിടുന്നു പ്രതിവചിച്ചു: 'ഞാനും ഇഹലോകവും തമ്മിലുള്ള ബന്ധം, യാത്രാമധ്യേ ഒരു മരച്ചുവട്ടിൽ തണൽ തേടുകയും പിന്നെ അത് ഉപേക്ഷിക്കുകയും ചെയ്യുന്ന ഒരു യാത്രക്കാരനെപ്പോലെയാണ്.' ക്ഷണികമായ ഈ ഭൗതിക ജീവിതത്തിനിടയിൽ മറ്റുള്ളവരുടെ ശ്രദ്ധ നേടാനായി ആർഭാടങ്ങളും ഭൗതിക സൗകര്യങ്ങളും വാരിക്കൂട്ടാൻ ഓടുന്നതിനിടയിൽ ജീവിക്കാൻ മറന്നുപോകുന്ന, സമാധാനം നഷ്ടപ്പെടുത്തുന്ന എത്ര പേരാണ്!